**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1298** **07-02-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി സാമ്പത്തിക സഹായം നൽകുന്ന പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി സാമ്പത്തിക സഹായം നൽകുന്ന ഏതൊക്കെ പൊതുമരാമത്ത് പ്രവൃത്തികളാണ് അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ളതെന്നും അവയുടെ പേരും, തുകയും, നിലവിലെ സ്ഥിതിയും സഹിതം വെളിപ്പെടുത്താമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | വിവിധ വകുപ്പുകളും സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിശ്ചയിക്കപ്പെട്ട ഏജൻസികളും, കിഫ്ബിയും തമ്മിലുള്ള ധാരണക്കുറവുമൂലം പല നിർമ്മാണ പ്രവൃത്തികളിലും അനുവദനീയമായതിനേക്കാൾ കൂടുതൽ സമയനഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | യൂട്ടിലിറ്റികൾ നീക്കം ചെയ്യുന്നത് അതതു ഏജൻസികൾ (KSEB/KWA) ആകയാൽ ആയതിന്റെ പൂർത്തീകരണത്തിന് ആവശ്യം വരുന്ന സമയവും, ഭൂമി ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പ് മുഖേന നടപ്പാക്കുന്നതിനാൽ ആയതിനു വേണ്ടി വരുന്ന കാലയളവും പ്രവൃത്തിയുടെ പൂർത്തീകരണത്തെ ബാധിക്കാറുണ്ടെങ്കിലും, പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് കിഫ്ബി ഉന്നയിക്കുന്ന പല തലങ്ങളിൽ അവലോകനം നടത്തി സമയബന്ധിതമായി തന്നെ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | പലപ്പോഴും കിഫ്ബി ഉന്നയിക്കുന്ന ചോദ്യങ്ങൾ മറുപടി നൽകുന്നതിലുണ്ടാകുന്ന കാലതാമസം പ്രവൃത്തിയുടെ പൂർത്തീകരണത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പ്രവൃത്തിയുമായി ബന്ധപ്പെട്ട കിഫ്ബി ഉന്നയിക്കുന്ന ചോദ്യങ്ങൾക്കുള്ള മറുപടി കാലതാമസം കൂടാതെ തന്നെ കിഫ്ബിയിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. തുടർന്നും സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇത്തരം സാഹചര്യങ്ങളിൽ വളരെ പെട്ടെന്നു തന്നെ കിഫ്ബിക്ക് മറുപടി ലഭ്യമാക്കി നിർമ്മാണം വേഗത്തിലാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രവൃത്തിയുമായി ബന്ധപ്പെട്ട കിഫ്ബി ഉന്നയിക്കുന്ന ചോദ്യങ്ങൾക്കുള്ള മറുപടി കാലതാമസം കൂടാതെ തന്നെ കിഫ്ബിയിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. തുടർന്നും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക (കോടി) | നിലവിലെ സ്ഥിതി |
|---|---|---|
| കൈതവന, പഴയനടക്കാവ് റോഡ് നിർമ്മാണം | 20.20 | 97% പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| തോട്ടപ്പള്ളി നാലുചിറ പാലം നിർമ്മാണം | 38.00 | 66% പ്രവൃത്തികൾ പൂർത്തീകരിച്ചു |
| പള്ളാത്തുരുത്തി ഔട്ട്പോസ്റ്റ് പാലം നിർമ്മാണം | 59.50 | പ്രവൃത്തിക്ക് വേണ്ടി ഏറ്റെടുക്കുന്ന ഭൂമിയിലെ കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം തിട്ടപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു വരുന്നു. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചു സാങ്കേതികാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| ജില്ലാ കോടതി പാലം നിർമ്മാണം | 120.52 | പ്രവൃത്തിയുടെ സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റ് 24.05.2022 തീയതിയിൽ കൂടിയ ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും മാറ്റങ്ങൾ വരുത്തി എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുന്നതിനായി നിർദ്ദേശം നൽകിയിരുന്നു. ആയതിൻ പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. |